ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.09.2025** **TIME:12.50 PM**

## പ്രധാന വാർത്തകൾ

1. കംബൈൻഡ് കമാൻഡേഴ്സ് കോൺഫറൻസിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൊൽക്കത്തയിൽ നിർവഹിക്കും. ബിഹാറിൽ 40,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും തുടക്കം കുറിക്കും.

   **Prime Minister Narendra Modi to inaugurate Combined Commanders Conference at Indian Army's Eastern Command Headquarters in Kolkata today. Prime Minister Narendra Modi will launch several development projects worth more than 40,000 crore rupees at Purnea district in poll-bound state, Bihar today.**

2. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തുടക്കമായി. വി.എസ് അച്യുതാനന്ദനും, പി.പി തങ്കച്ചനും, വാഴൂർ സോമനും ചരമോപചാരം അർപ്പിച്ച് നിയമസഭ.

   **14th session of 15th Kerala Legislative Assembly has commenced today.**

3. വഖഫ് ഭേദഗതി നിയമത്തിലെ ചില വ്യവസ്ഥകൾ സ്റ്റേ ചെയ്ത് സുപ്രീം കോടതി.

**The Supreme Court has stayed certain provisions of the Waqf (Amendment) Act 2025.**

4. 2024-25 ലെ ആദായനികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. തീയതി നീട്ടിയെന്ന വാർത്തകൾ വ്യാജമെന്ന് ആദായ നികുതി വകുപ്പ്.

**Today is the last date for filing income tax returns for the financial year 2024-25. The Income Tax Department has dismissed a fake news circulated on social media platforms, claiming that the due date of filing ITRs has been further extended to 30th September.**

5. ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. യുഎഇ, ഒമാനെയും, ശ്രീലങ്ക ഹോങ്കോങ്ങിനെയും നേരിടും.

**In Asia Cup Cricket UAE will take on Oman today and Srilanka to lock horns with Hongkong .**

❁❁❁❁❁❁❁❁❁❁❁❁❁

**PM-KOLKATA VISIT**

കംബൈൻഡ് കമാൻഡേഴ്സ് കോൺഫറൻസിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൊൽക്കത്തയിൽ നിർവഹിക്കും. ഇന്ത്യൻ കരസേനയുടെ ഈസ്റ്റേൺ കമാൻഡ് ആസ്ഥാനമായ വിജയ്

ദുർഗിലാണ് മൂന്നു ദിവസത്തെ കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ സായുധ സേനാ വിഭാഗങ്ങൾക്കിടയിലെ ഏകോപനം, സാങ്കേതിക പുരോഗതി, ആധുനികവൽക്കരണം, എന്നിവ സംബന്ധിച്ച ചർച്ചകൾ ഇതിൻറെ ഭാഗമായി നടക്കും. രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്ങും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

## PM BIHAR

ബിഹാറിലെ പൂർണിയ ജില്ലയിൽ 40,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തുടക്കം കുറിക്കും. പൂർണിയ വിമാനത്താവളത്തിലെ പുതിയ ടെർമിനലിൻറെയും, വിമാന സർവീസുകളുടെയും ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. 6,000 കോടി രൂപയുടെ റെയിൽ പദ്ധതികൾക്കും അദ്ദേഹം ബിഹാറിൽ ഇന്ന് തുടക്കം കുറിക്കും. സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന വന്ദേഭാരത്, അമൃത് ഭാരത് ട്രെയിൻ സർവീസുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ദേശീയ മഖാന ബോർഡിൻറെ ഉദ്ഘാടനവും ശ്രീ മോദി ഇന്ന് നിർവഹിക്കും.

## KERALA ASSEMBLY ( INTRO )

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തുടക്കമായി. മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, മുൻ സ്പീക്കർ പി പി തങ്കച്ചൻ, വാഴൂർ സോമൻ എംഎൽഎ എന്നിവർക്ക് സഭ ചരമോപചാരം അർപ്പിച്ചു. സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, കക്ഷിനേതാക്കൾ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി . പൊതുപ്രവർത്തകൻ എന്നതിലുപരി കേരളചരിത്രത്തിലെ പല സുപ്രധാന ഏടുകളെയും വർത്തമാനകാലവുമായി ബന്ധിപ്പിക്കുന്ന കണ്ണി കൂടിയായിരുന്നു വി എസ് അച്യുതാനന്ദൻ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

(ഹോൾഡ്-സിഎം)

സ്പീക്കർ എന്ന നിലയിലും, മന്ത്രി എന്ന നിലയിലും പി.പി തങ്കച്ചൻ നടത്തിയ പ്രവർത്തനങ്ങളെ സഭ അനുസ്മരിച്ചു. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി പൊതുജീവിതം വിനിയോഗിച്ച നേതാവായിരുന്നു വാഴൂർ സോമൻ എന്നും മുഖ്യമന്ത്രി അനുശോചന പ്രസംഗത്തിൽ പറഞ്ഞു. ചരമോപചാരത്തിന് ശേഷം ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ രാവിലെ ഒൻപതു മണിക്ക് വീണ്ടും ചേരും.

**SC – WAQF ORDER**

2025 ലെ വഖഫ് ഭേദഗതി നിയമത്തിലെ ചില വ്യവസ്ഥകൾ സ്റ്റേ ചെയ്ത് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ്, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ്ജ് മാസിഹ് എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. അഞ്ച് വർഷത്തോളം ഇസ്‌ലാം മതവിശ്വാസം പിന്തുടരുന്നവർക്ക് മാത്രമേ വഖഫ് നൽകാൻ കഴിയൂ എന്ന നിയമത്തിലെ വ്യവസ്ഥ സംസ്ഥാന സർക്കാരുകൾ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ പരമോന്നത കോടതി സ്റ്റേ ചെയ്തു. സർക്കാർ ഭൂമി കൈയേറി വഖഫിലേക്ക് മാറ്റിയിട്ടുണ്ടോ എന്ന തർക്കം തീർപ്പാക്കാൻ സർക്കാരിൻറെ നിയുക്ത ഉദ്യോഗസ്ഥനെ അനുവദിക്കുന്ന വ്യവസ്ഥയും സ്റ്റേ ചെയ്തിട്ടുണ്ട്. പൗരന്മാരുടെ വ്യക്തിപരമായ അവകാശങ്ങളിൽ തീർപ്പുകൽപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് അനുവാദം നൽകാനാവില്ലെന്നും ഇത് അധികാര വിഭജനത്തിൻറെ ലംഘനമാണെന്നും കോടതി നിരീക്ഷിച്ചു. എന്നാൽ വഖഫ് ബോർഡുകളിൽ അമുസ്ലിം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാൻ അനുവദിക്കുന്ന വ്യവസ്ഥ കോടതി സ്റ്റേ ചെയ്തിട്ടില്ല. എന്നാൽ, സാധ്യമാകുന്നിടത്തോളം ബോർഡിലെ എക്സ് ഒഫിഷ്യോ അംഗം മുസ്ലിം വിഭാഗത്തിൽ നിന്നും ആകണമെന്ന് കോടതി നിർദേശിച്ചു. കേന്ദ്ര വഖഫ് കൗൺസിലിൽ നാലു പേരിൽ കൂടുതൽ മുസ്ലിം ഇതര വിഭാഗത്തിൽ നിന്നും ആകാൻ പാടില്ലെന്നും, സംസ്ഥാന വഖഫ് ബോർഡിൽ മൂന്ന് പേരിൽ കൂടുതൽ മുസ്ലിം ഇതര വിഭാഗത്തിൽ നിന്നും ആകരുതെന്നും കോടതി വ്യക്തമാക്കി.

## NAMAMI GANGE-( INTRO)

പൊതുസേവനവും സദ്ഭരണവും ലക്ഷ്യംവച്ച് നിരവധി പരിശ്രമങ്ങളാണ് കഴിഞ്ഞ 11 വർഷമായി കേന്ദ്രസർക്കാർ നടത്തിവരുന്നത്. രാജ്യത്തെ മികച്ച പുരോഗതിയിലേക്ക് നയിക്കാൻ ഈ സംരംഭങ്ങളിലൂടെ സാധിച്ചു. നമാമി ഗംഗേ പദ്ധതിയിലൂടെയുണ്ടായ ഗുണപരമായ മാറ്റങ്ങളാണ് ഇന്നത്തെ സേവാ പർവിലൂടെ വിശദമാക്കുന്നത്.

ഗംഗാനദിയുടെ പുനരുജ്ജീവനത്തിനായി കേന്ദ്രസർക്കാർ 2014 ൽ ആരംഭിച്ച പദ്ധതിയാണ് നമാമി ഗംഗേ. ഗംഗയിലെ മലിനീകരണം തടയൽ, പാരിസ്ഥിതിക പുനരുജ്ജീവനം തുടങ്ങി വിവിധ ലക്ഷ്യങ്ങളാണ് നമാമി ഗംഗേ മുന്നോട്ടുവയ്ക്കുന്നത്. ഗംഗയുടെ ശുചിത്വം ഉറപ്പാക്കുന്നതിൽ എല്ലാവർക്കും കൂട്ടായ ഉത്തരവാദിത്തമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കുകയുണ്ടായി.
(ഹോൾഡ്.....)
ഗംഗയെ ആശ്രയിച്ച് കഴിയുന്ന ദശലക്ഷക്കണക്കിന് ആളുകളുടെ ജീവനോപാധി സംരക്ഷിക്കുകയും നമാമി ഗംഗേയുടെ ലക്ഷ്യമാണ്.

**REV UPI-LIMIT**

വ്യാപാര സംബന്ധമായ യുപിഐ പണമിടപാടുകളുടെ പ്രതിദിന പരിധി വർദ്ധിപ്പിച്ച് നാഷണൽ പേയ്മെൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യ. തിരഞ്ഞെടുത്ത വിഭാഗങ്ങളിലെ പേർസൺ ടു മർച്ചൻറ് പണമിടപാടുകളുടെ പരിധി 10 ലക്ഷം രൂപയായാണ് ഇന്നു മുതൽ വർദ്ധിപ്പിച്ചത്. വ്യക്തിഗത പണമിടപാടുകളുടെ പരിധി ഒരു ലക്ഷം രൂപയായി തുടരും.

**ITR FILING-FAKE**

ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള സമയപരിധി ഈ മാസം 30 വരെ നീട്ടിയതായി സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് ആദായ നികുതി വകുപ്പ്. റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. തീയതി നീട്ടിയെന്ന വ്യാജ പ്രചാരണങ്ങൾ വിശ്വസിക്കരുതെന്നും, വിവരങ്ങൾക്ക് ഔദ്യോഗിക പേജുകളെ മാത്രം ആശ്രയിക്കണമെന്നും ആദായ നികുതി വകുപ്പ് നിർദേശിച്ചു. റിട്ടേണുകളുടെ ഫയലിങ് സുഗമമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്ഡസ്ക് ഉൾപ്പെടെ സജ്ജീകരിച്ചിട്ടുണ്ട്.

**GST REFORMS- AYURVEDA**

ആരോഗ്യ മേഖലയിലെ പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഏറെ ഗുണം ചെയ്യുമെന്ന് കേന്ദ്ര സർക്കാർ. ആയുർവേദം, യുനാനി, ഹോമിയോപ്പതി എന്നിവയിലെ മരുന്നുകളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായാണ് കുറച്ചിരിക്കുന്നത്. മെഡിക്കൽ, ഡെന്റൽ, വെറ്ററിനറി ഉപകരണങ്ങളുടെ പുതുക്കിയ ജിഎസ്ടി നിരക്കുകൾ 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചിട്ടുണ്ട്. മെഡിക്കൽ ഗ്രേഡ് ഓക്സിജന്റെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചു. ഈ മാസം 22 മുതലാണ് പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരിക.

**UNNATHI SCHOLARSHIP**

പട്ടികജാതി -പട്ടികവർഗ വികസന വകുപ്പിന്റെ 2025 - 26 വർഷത്തെ ഉന്നതി വിദേശപഠന സ്കോളർഷിപ്പുകൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു വിതരണം ചെയ്യും. ആയിരം വിദ്യാർഥികൾക്ക് വിദേശ പഠനം സാധ്യമാക്കിയതിന്റെ പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിക്കും. മന്ത്രിമാരായ ഒ ആർ കേളു,വി ശിവൻകുട്ടി എന്നിവർ പങ്കെടുക്കും.

## SABARIMALA

കന്നിമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും. കന്നി ഒന്ന് ബുധനാഴ്ച രാവിലെ അഞ്ച് മണിക്കാണ് ദർശനത്തിനായി നട തുറക്കുക. കന്നിമാസ പൂജകൾ പൂർത്തിയാക്കി 21 ന് രാത്രി 10ന് നട അടയ്ക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം ഈ മാസം 20ന് പമ്പയിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സംഗമം ഉദ്ഘാടനം ചെയ്യും.

❋❋❋❋❋❋❋❋❋❋❋❋❋

## PM SHAH-ENGINEERS DAY

എം വിശ്വേശരയ്യയുടെ ജന്മവാർഷിക ദിനം രാജ്യം ഇന്ന് എഞ്ചിനീയേഴ്സ് ദിനമായി ആചരിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ തുടങ്ങിയ പ്രമുഖ നേതാക്കൾ എം. വിശ്വേശ്വരയ്യയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. രാജ്യത്തിന്റെ എഞ്ചിനീയറിംഗ് മേഖലയിൽ അദ്ദേഹത്തിൻറെ പ്രതിഭ, മായാത്ത മുദ്രകൾ പതിപ്പിച്ചതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## JHARKHAND-ENCOUNTER

ഝാർഖണ്ഡിലെ ഹസാരിബാഗിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് നക്സലുകൾ കൊല്ലപ്പെട്ടു. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ പൊലീസും സിആർപിഎഫും നടത്തിയ സംയുക്ത ഓപ്പറേഷനിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. ഒരു കോടി രൂപ, 25 ലക്ഷം രൂപ , 10 ലക്ഷം രൂപ എന്നിങ്ങനെ പാരിതോഷികം പ്രഖ്യാപിച്ച നക്സലുകളാണ് കൊല്ലപ്പെട്ടത്. സംഭവ സ്ഥലത്ത് നിന്ന് എകെ 47 ഉൾപ്പെടെയുള്ള ആയുധങ്ങളും പിടിച്ചെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

**ASIA CUP**

ഏഷ്യാ കപ്പ് ഗ്രൂപ്പ് എ മത്സരത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് ജയം. ഇന്നലെ ദുബായിൽ നടന്ന മത്സരത്തിൽ പാകിസ്ഥാനെ ഏഴ് വിക്കറ്റിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. പാകിസ്ഥാൻ ഉയർത്തിയ 127 റൺസ് വിജയലക്ഷ്യം ഇന്ത്യ 25 പന്തുകൾ ബാക്കി നിൽക്കേ, മറികടക്കുകയായിരുന്നു. ഏഷ്യാ കപ്പിൽ ഇന്ന് രണ്ട് മത്സരങ്ങളാണ് നടക്കുക. 5.30 നുള്ള ആദ്യ മത്സരത്തിൽ യുഎഇ, ഒമാനെയും, രാത്രി 8 ന് ശ്രീലങ്ക ഹോങ്കോങ്ങിനെയും നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

**SENSEX**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 22 പോയിന്റ് താഴ്ന്നു 81,927 ലും, നിഫ്റ്റി 10 പോയിന്റ് നഷ്ടത്തിൽ 25,103 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 81,440 രൂപയും, ഗ്രാമിന് 10 രൂപ താഴ്ന്നു 10,180 രൂപയുമാണ് ഇന്നത്തെ വില.

**ARAB ISLAMIC MEET**

ദോഹയിൽ ഇസ്രായേൽ നടത്തിയ ആക്രമണം സംബന്ധിച്ച സംയുക്ത പ്രതികരണം ചർച്ച ചെയ്യാൻ അറബ്-ഇസ്ലാമിക് രാഷ്ട്ര നേതാക്കൾ ഇന്ന് യോഗം ചേരും . ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനും ഇറാഖ് പ്രധാനമന്ത്രി മുഹമ്മദ് ഷിയ അൽ-സുഡാനിയും യോഗത്തിൽ പങ്കെടുക്കും. തുർക്കി പ്രസിഡന്റ് ദോഹയിലുണ്ടാകുമെങ്കിലും യോഗത്തിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല.